## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 513 12.06.2012-ൽ മറുപടിക്ക്

### കാർഷിക വായ്പ പുനരാരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കാർഷിക വായ്പ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾ നൽകുന്നത് നിർത്തിവെച്ചിട്ടില്ല. എന്നാൽ നബാർഡിൽ നിന്ന് പുനർ വായ്പ ലഭിക്കാത്തതിനാൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പ്രയാസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ നൽകി വരുന്നുണ്ട്.<br>പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 2011-12 വർഷം 867.41 കോടി രൂപായുള്ള ഹ്രസ്വകാല കാർഷിക വായ്പാപരിധി നിശ്ചയിച്ച് സംസ്ഥാന സഹകരണ ബാങ്ക് നബാർഡിന് സമർപ്പിക്കുകയുണ്ടായെങ്കിലും സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1) ലെ നിബന്ധനകൾ പാലിക്കാത്തതുമൂലം പുനർ വായ്പ നബാർഡ് നൽകിയിരുന്നില്ല. എന്നാൽ ഗവൺമെന്റ് ഗ്യാരന്റിയോടുകൂടി പുനർ വായ്പ നൽകാൻ നബാർഡ് വ്യവസ്ഥവെച്ചതിന്റെ അടിസ്ഥാനത്തിൽ 24.11.2011 ലെ ജി.ഒ(എം.എസ്)നം.164/11/സഹ. നമ്പർ ഉത്തരവ് പ്രകാരം 500 കോടി രൂപയുടെ ഗ്യാരന്റി സംസ്ഥാന ഗവൺമെന്റ് നബാർഡിന് നൽകുകയും, ടി ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ 446.56 കോടി രൂപ പുനർ വായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ട്. ടി വായ്പ ഉൾപ്പെടെ 505.83 കോടി രൂപ സംസ്ഥാന സഹകരണ ബാങ്ക് |

| | |
|---|---|
| | കാർഷിക വായ്പകൾക്കായി ജില്ലാ ബാങ്കുകൾ മുഖേന നൽകിയിട്ടുണ്ട്. |
| ബി) നബാർഡ് പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന പുനർ വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) സഹകരണ സംഘങ്ങൾ മുഖേന നൽകുന്നതിന് നബാർഡ് നൽകുന്ന പുനർ വായ്പയ്ക്ക് 500 കോടി രൂപ വരെ ഗവൺമെന്റ് ഗ്യാരന്റി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ട കാർഷിക വായ്പയ്ക്ക് പുനർവായ്പ ലഭ്യമാക്കുന്നതിന് 500 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റി നൽകാൻ 24.11.2011 ലെ ജി.ഒ (എം.എസ്)നം.164/11/സഹ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലാ സഹകരണ ബാങ്കിനും, സംസ്ഥാന സഹകരണ ബാങ്ക് പ്രത്യേകം വായ്പാപരിധി നിശ്ചയിച്ച് നൽകുകയും നബാർഡ് 446.56 കോടി രൂപ പുനർ വായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**